**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4820** **11-08-2021 - ൽ മറുപടിയ്ക്ക്**

**കൊടകര കുഴൽപ്പണക്കേസിലെ കുറ്റപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകരയിൽ പണം കവർച്ച നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തെത്തുടർന്ന് കുഴൽപ്പണ ഇടപാട് സംബന്ധിച്ച് കുറ്റാന്വേഷണ വിഭാഗം കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലെ പ്രധാന ചാർജ്ജുകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | (എ) | ഇതു സംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നം. 146/21 U/S 395 IPC കേസിലെ അന്വേഷണം നടത്തി പ്രതികൾക്കെതിരെ 23.07.2021 തീയതി സമർപ്പിച്ച കുറ്റപത്രത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(b), 395, 412, 212, 427, 201 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത് . |
| (ബി) | ഒരു ദേശീയ രാഷ്ട്രീയപാർട്ടി സ്വതന്ത്രമായ തെരഞ്ഞെടുപ്പു പ്രക്രിയ അട്ടിമറിക്കുകയെന്ന ലക്ഷ്യത്തോടെ വൻ തുക സംസ്ഥാനത്തിനു പുറത്തു നിന്നെത്തിച്ചെന്നും സംസ്ഥാനത്തെ അസംബ്ലി മണ്ഡലങ്ങളിൽ വിതരണം ചെയ്തെന്നുമുള്ള വിഷയം ഇലക്ഷൻ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; | (ബി) | തെരഞ്ഞെടുപ്പ് ആവശ്യത്തിന് എറണാകുളം ജില്ലയിലേയ്ക്ക് കൊണ്ടുപോകുകയായിരുന്ന മൂന്നരക്കോടി രൂപ തൃശ്ശൂർ ജില്ലയിൽ വെച്ച് തട്ടിയെടുത്തത് സംബന്ധിച്ച കേസിന്റെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കെ ടി കേസിൽ കള്ളപ്പണം വെളിപ്പിക്കുന്നത് സംബന്ധമായ കുറ്റകൃത്യങ്ങൾ ഉണ്ടോയെന്ന സാധ്യതയെപ്പറ്റി അന്വേഷിക്കുന്നുണ്ടെന്നും ആയതിന്റെ ആവശ്യത്തിലേക്ക് വിവരങ്ങൾ ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലും തൃശ്ശൂർ അസിസ്റ്റന്റ് ഇൻകംടാക്സ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വകുപ്പുകളിലേയ്ക്ക് വിശദമായ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. 07.05.2021 ലും 08.06.2021 ലും മേൽ കേസ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. |
| (സി) | എൻഫോഴ്സ്മെന്റ് വിഭാഗമോ ആദായ നികുതി വകുപ്പോ ഈ കുഴൽപ്പണ കേസ് ഏറ്റെടുത്തിട്ടുണ്ടോ എന്ന് ഇറിയിക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് ഡയറക്ടറും ആദായ നികുതി വകുപ്പും കേസിന്റെ വിവരങ്ങൾ ആരാഞ്ഞതല്ലാതെ ഈ കാര്യത്തിൽ അവർ സ്വീകരിച്ച നിലപാട് സംബന്ധിച്ച വിവരം ലഭ്യമല്ല . |

സെക്ഷൻ ഓഫീസർ